ഇലക്ട്രിക്കൽ വയറിംഗ് ജോലികൾ

74(2275) ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇലക്ട്രിക്കൽ വയറിംഗ് ജോലികൾ അന്യസംസ്ഥാന തൊഴിലാളികളെ കൊണ്ടും ലൈസൻസ് ഇല്ലാത്ത തൊഴിലാളികളെക്കൊണ്ടും ചെയ്യിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിനെതിരെ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ജോലികൾ ചെയ്യുന്നതിന് അംഗീകാരം നൽകുന്നതിനുള്ള മാനദണ്ഡങ്ങളും നിർദ്ദേശങ്ങളും എന്തൊക്കെയാണ്; വിശദമാക്കുമോ; ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ; മാനദണ്ഡങ്ങൾ ലംഘിക്കുന്നവർക്കെതിരെ എന്തൊക്കെ ശിക്ഷണ നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. അംഗീകൃത വയർമാന്മാരെക്കൊണ്ട് മാത്രമേ വയറിംഗ് ജോലികൾ ചെയ്യിക്കാൻ പാടുള്ളൂ എന്ന നിർദ്ദേശം മാദ്ധ്യമങ്ങളിൽക്കൂടി നൽകുന്നുണ്ട്. കൂടാതെ അനധികൃത വയറിംഗ് ശ്രദ്ധയിൽപ്പെട്ടാൽ സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റി (മെഷേഴ്സ് റിലേറ്റിംഗ് ടു സേഫ്റ്റി ആന്റ് ഇലക്ട്രിക് സപ്ലൈ) റെഗുലേഷൻ 2010-ലെ റെഗുലേഷൻ 29 പ്രകാരം പ്രസ്തുത പ്രതിഷ്ഠാപനത്തിൽ വൈദ്യുതി കണക്ഷൻ നൽകരുതെന്ന നിർദ്ദേശം ലൈസൻസികൾക്ക് നൽകിയിട്ടുണ്ട്. അനധികൃത വയറിംഗ് തടയുന്നതിന് കെ.എസ്.ഇ.ബി.എൽ. വർക്ക് രജിസ്റ്റർ സമ്പ്രദായം നടപ്പിലാക്കിയിട്ടുണ്ട്. പുതിയ കണക്ഷൻ/നിലവിലുള്ള വയറിംഗിൽ വ്യതിയാനം വരുത്തൽ/വൈദ്യുതി വിച്ഛേദിച്ചതിനുശേഷം പുനഃകണക്ഷൻ നൽകൽ എന്നീ അവസരങ്ങളിൽ ലൈസൻസുള്ള വയർമാൻ/സൂപ്പർവൈസർ/കോൺട്രാക്ടർ ഹാജരാക്കുന്ന ടെസ്റ്റ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മാത്രമേ കെ.എസ്.ഇ.ബി.എൽ. മേൽനടപടികൾ സ്വീകരിക്കാറുള്ളൂ.

(ബി) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ലൈസൻസിംഗ് ബോർഡ് നൽകുന്ന ലൈസൻസുള്ള ഇലക്ട്രിക്കൽ കോൺട്രാക്ടർക്ക് മാത്രമേ വയറിംഗ് ജോലികൾ ഏറ്റെടുത്ത് നടത്താൻ അധികാരമുള്ളൂ. കോൺട്രാക്ടർ ലൈസൻസ് ലഭിക്കുന്നതിന് പെർമിറ്റുള്ള ഒരു സൂപ്പർവൈസറും മതിയായ വയർമാൻമാരും വേണ്ടതാണ്. ഇലക്ട്രിക്കൽ വയർമാൻ/കോൺട്രാക്ടറുടെ ലൈസൻസ്/പെർമിറ്റ് അനുവദിക്കുന്നതിനുള്ള വ്യവസ്ഥകളുടെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.* മാനദണ്ഡങ്ങൾ ലംഘിക്കുന്നവർക്ക് ലൈസൻസ് നൽകാറില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly